LIBRARY ARCHIVES Kerala Legislative Assembly

സീനിയോറിറ്റി നഷ്ടപ്പെടാതെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നടപടി

58(2310) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ പോയ ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ രജിസ്ട്രേഷൻ പുതുക്കാൻ ഒരവസരം കൂടി നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ റിക്രൂട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴിവുകൾ അറിയിക്കുന്ന പക്ഷം അർഹരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകുന്നതാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 38 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണ പ്രക്രിയ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം കമ്പ്യൂട്ടർവൽക്കരണപ്രക്രിയ ആരംഭിച്ച 12 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കൂടി ആകുമ്പോൾ 50 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ കമ്പ്യൂട്ടർവൽക്കരണ പ്രക്രിയ പൂർത്തിയാകുന്നതാണ്. 34 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾകൂടി കമ്പ്യൂട്ടർവൽക്കരിക്കപ്പെടുന്നതോടെ സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടതാകും.

ശ്രീമതി എൻ. ലീലയെ ഇന്റർവ്യൂവിന് ക്ഷണിക്കാത്തതിന്റെ കാരണം

59(2311) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 29 വർഷത്തോളം സീനിയോറിറ്റി ഉണ്ടായിട്ടും അടുത്തകാലത്ത് വിളിച്ച പതിനായിരക്കണക്കിന് വേക്കൻസികളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി എൻ. ലീലയെ (എംപ്ലോയ്മെന്റ് നമ്പർ W/9574/81/ തീയതി 6-7-1981) ഇന്റർവ്യൂവിന് ക്ഷണിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളിൽ നിരവധി അപേക്ഷകൾ ക്ഷണിക്കുന്ന ഈ അവസരത്തിൽ ഇവരെകൂടി പരിഗണിക്കുന്നതിന് എന്ത് നടപടി ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6-7-1981 സീനിയോറിറ്റിയുള്ള ശ്രീമതി എൻ. ലീലയുടെ ജനനതീയതി 25-11-1960 ആണ്. ആയതിനാൽ ഫുൾടൈം/പാർട്ട് ടൈം ഒഴിവുകൾക്ക് പരിഗണിക്കുന്നതിനുള്ള നിശ്ചിത പ്രായപരിധി ടിയാൾക്ക് (50 വയസ്സ്) കവിഞ്ഞിരിക്കുകയാണ്. കൂടാതെ ശ്രീമതി ലീലയെ പരിഗണിക്കാമായിരുന്ന പാർട്ട് ടൈം/കണ്ടിജന്റ് ഒഴിവുകൾക്ക് ടിയാൾ ഉൾപ്പെടുന്ന മുൻഗണനയില്ലാത്ത പരിവർത്തന ക്രിസ്ത്യൻ/ഓപ്പൺ എന്നീ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം 23-4-1979, 7-6-1977 എന്നീ സീനിയോറിറ്റി വരെയുള്ളവരെയാണ് തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അവസാനമായി പരിഗണിച്ചിട്ടുള്ളത്. കുറഞ്ഞ സീനിയോറിറ്റിയുള്ളതുകൊണ്ടാണ് ശ്രീമതി ലീലയെ പരിഗണിക്കാൻ കഴിയാതിരുന്നത്.

(ബി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളിലെ ഫുൾടൈം/പാർട്ട് ടൈം ഒഴിവുകൾക്ക് പരിഗണിക്കുന്നതിനുള്ള പ്രായപരിധി നിലവിലുള്ള നിയമപ്രകാരം ശ്രീമതി ലീലയ്ക്ക് കവിഞ്ഞിരിക്കുന്നതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ ലഭിച്ചവർ

60(2312) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ കണ്ണൂർ ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്കാണ് തൊഴിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിൽ (05/2006 മുതൽ 01/2011 വരെ) 3513 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

മാള ഐ.ടി.ഐ.-യിൽ നടത്തിയ വികസനം

61(2313) ശ്രീ. എ. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാള ഐടിഐ.-യിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടത്താൻ പോകുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly